# Desabhimani
# 28 August 2018
# Kochi : After Flood , Kereala Reconstruction, Rehabilitation Activites

## കലാസൃഷ്ടികൾ വാങ്ങിയും നവകേരള സൃഷ്ടിയിൽ പങ്കാളിയാകാം



കേരള ലളിതകല അക്കാദമിയും കലാകാർ കേരളയും ചേർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുന്നതിനായി സംഘടിപ്പിച്ച 'കാലവർഷം കലാവർഷം 2018' പരിപാടിയിൽ ചിത്രം വരയ്ക്കുന്നവർ

**കൊച്ചി**

കലാസൃഷ്ടികൾ വാങ്ങിയും ദുരന്തനിവാരണത്തിന് കൈത്താങ്ങാകാം. കലാകാർ കൂട്ടായ്മ ദർബാർ ഹാൾ ആർട്ട് ഗ്യാലറിയിൽ സംഘടിപ്പിക്കുന്ന ചിത്രകലാ ക്യാമ്പിൽനിന്ന് വാങ്ങുന്ന കലാസൃഷ്ടിയുടെ വില മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകും. കേരള സാഹിത്യ അക്കാദമിയും കലാകാർ കേരളയും സംയുക്തമായിട്ടാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. 250 കലാകാരന്മാർ ചേർന്ന് 1000 ചിത്രങ്ങൾ വരയ്ക്കും. ക്യാമ്പ് 30ന് സമാപിക്കും.

വഴിമാറി ഒഴുകുന്ന പുഴയും കടപുഴകി വീണ മരവും വെള്ളം കുത്തിയൊലിക്കുന്ന അണക്കെട്ടും ക്യാൻവാസിൽ ഉണ്ട്. 'കാലവർഷം 2018 കലാവർഷം' എന്ന് പേരിട്ടിരിക്കുന്ന ക്യാമ്പിൽ ശിൽപ്പവും രചിക്കുന്നുണ്ട്. ചിത്രങ്ങൾ ഓരോന്നും പ്രളയദുരിതത്തിന്റെ ചരിത്ര സ്മാരകങ്ങളാണ്.

ദേശാഭിമാനി ചീഫ് എഡിറ്റർ പി രാജീവ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. കേരളത്തിലുടനീളം ഇത്തരം ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ടെന്ന് കേരള ലളിതകലാ അക്കാദമി ചെയർമാൻ നേമം പുഷ്പരാജ് പറഞ്ഞു. കലാകാരന്മാരുടെ സാമൂഹ്യ പ്രതിബദ്ധതകൊണ്ടാണ് ക്യാമ്പിൽ വരയ്ക്കുന്ന ചിത്രങ്ങൾ കുറഞ്ഞ വിലയ്ക്ക് കലാപ്രേമികൾക്ക് നൽകുന്നതെന്ന് കലാകാർ കൂട്ടായ്മ പ്രതിനിധി ജോസഫ് എം വർഗീസ് പറഞ്ഞു.



ദുരന്തബാധിതർക്ക് ഡൽഹി മലയാളികൾ സംഭരിച്ച സാധനങ്ങൾ ഇന്നസെന്റ് എംപി ഏറ്റുവാങ്ങുന്നു

## ഡൽഹി മലയാളികളുടെ സഹായം വിതരണംചെയ്തു

**കൊച്ചി**

പ്രളയക്കെടുതി ഏറ്റവും രൂക്ഷമായി ബാധിച്ച പ്രദേശങ്ങളിൽ ഇന്നസെന്റ് എംപി നിത്യോപയോഗ വസ്തുക്കൾ എത്തിച്ചുനൽകി. ഡൽഹി മലയാളികളുടെ സഹകരണത്തോടെ സമാഹരിച്ച വസ്തുക്കളാണ് വിതരണം ചെയ്തത്. പലവ്യഞ്ജനങ്ങൾ, ഭക്ഷ്യവസ്തുക്കൾ, സോപ്പ്, ശുചീകരണ സാമഗ്രികൾ തുടങ്ങിയവയാണ് നൽകിയതെന്ന് എംപി പറഞ്ഞു.

ഡൽഹി മലയാളികൾ നൽകിയ വസ്തുക്കൾ വ്യോമസേനയുടെ സഹായത്തോടെയാണ് കേരളത്തിലേക്ക് എത്തിച്ചത്. ദുരിതബാധിതരെ സഹായിച്ച ഡൽഹി മലയാളികൾക്ക് ഇന്നസെന്റ് നന്ദി പറഞ്ഞു.